# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂവാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.1/2219/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 21/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.1/2219/2022 തീയ്യതി: 21/03/2023

## തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ് കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ബിന്ദുലത.ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുനിതാബാബു.ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ
ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ലോറൻസ്.ജെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഗോപകുമാർ.ജി | സെക്രട്ടറി | 01-04-2021 | 09-05-2021 |
| ശ്രീ.രാജേഷ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-05-2021 | 23-05-2021 |
| ശ്രീമതി ഷീബാ സെബാസ്റ്റ്യൻ | സെക്രട്ടറി | 24-05-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഗോപകുമാർ.ജി | സെക്രട്ടറി | 01-04-2021 | 09-05-2021 |
| ശ്രീ.രാജേഷ്.എം | സെക്രട്ടറി (ഇൻ ചാർജ്) | 10-05-2021 | 23-05-2021 |
| ശ്രീമതി ഷീബാ സെബാസ്റ്റ്യൻ | സെക്രട്ടറി | 24-05-2021 | 31-03-2022 |
| ശ്രീമതി സോണിയ.വി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഫെമിന.കെ.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.ജെ.സുരേഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2021 | 31-03-2022 |
| ശ്രീ.പ്രസന്നകുമാർ.പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.മിനി.എസ് | സിവിൽ സർജൻ (CHC) | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ജെന്നിഫർ നിക്സൺ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി സ്മിത ഗോപാൽ.എസ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 11-07-2021 |
| ശ്രീമതി മിനി.കെ.നായർ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-08-2021 | 31-03-2022 |
| ശ്രീമതി സിന്ധു എ.എസ് | അഗ്രികൾച്ചർ ഓഫീസർ | 01-04-2021 | 24-10-2021 |
| ശ്രീമതി രമ്യ ആർ.എസ് | അഗ്രികൾച്ചർ ഓഫീസർ | 25-10-2021 | 31-03-2022 |
| ശ്രീമതി അനുഷ.എസ്.വിജയൻ | വി.ഇ.ഒ ( എ സർക്കിൾ) | 29-11-2021 | 31-03-2022 |
| ശ്രീമതി | വി.ഇ.ഒ (ബി സർക്കിൾ) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ചിഞ്ചു.എസ്.എസ് | | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ്. | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് യൂട്ടിലൈസേഷൻ | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പദ്ധതികൾ | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | എം.ജി.എൻ.ആർ.ഇ.ജി.എസ്.പ്രവർത്തനം -അവലോകനം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | റേഷൻ കടകൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-10 |
| 11 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-11 |
| 12 | ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കിയിട്ടില്ല. | 1-12 |
| 13 | ലൈസൻസ് അപാകതകൾ | 1-12-1 |
| 14 | കെട്ടിട നികുതി വഴി സൗകര്യത്തിന് അനുസരിച്ച് നികുതി നിർണയിക്കാത്തത് വരുമാന നഷ്ടം -തുടർനടപടി സ്വീകരിക്കണം | 1-13 |
| 15 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS”-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-14 |
| 16 | സാക്ഷ്യപത്രം തിരുത്തി ആനുകൂല്യം നേടി - തുക തിരികെ ഈടാക്കണം. | 1-15 |
| 17 | വീട് വാസയോഗ്യമാക്കൽ- രേഖകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. | 1-16 |
| 18 | പൊളിച്ചു നീക്കാൻ ഉത്തരവായ കെട്ടിടത്തിന് കെട്ടിടനിർമ്മാണചട്ടങ്ങൾ ഉറപ്പുവരുത്താതെ നമ്പർ നൽകി. | 1-17 |
| 19 | പ്രവർത്തന രഹിത അക്കൗണ്ടിൽ 182690/- രൂപ അവശേഷിക്കുന്നു | 1-18 |
| 20 | ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് - അധികം അടവാക്കിയ തുക സഹകരണ ബാങ്കിൽ നിന്നും ഈടാക്കേണ്ടതാണ്. | 1-19 |
| 21 | കെ.യു.ആർ.ഡി.എഫ്.സി വായ്പ തിരിച്ചടവ് വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥ തുക ഉൾപ്പെടുത്തിയിട്ടില്ല. | 1-20 |
| 22 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമല്ല – 24571/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-21 |
| 23 | ഐ.കെ.എം. വിഹിതം കൈമാറൽ - 75290/- രൂപ തടസ്സം ചെയ്യുന്നു | 1-22 |
| 24 | സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തിരമുള്ള വാങ്ങൽ - 24,575/- രൂപ | 1-23 |

| | | |
|---|---|---|
| | തടസ്സം ചെയ്യുന്നു | |
| 25 | കമ്പ്യൂട്ടർ ഉപകരണങ്ങൾ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നു. | 1-24 |
| 26 | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിംഗ്- 3770/- രൂപ അധികമായി അനുവദിച്ചു | 1-25 |
| 27 | 11.71 ലക്ഷം രൂപയുടെ വെള്ളക്കരം കുടിശ്ശിക – വ്യക്തത വരുത്തേണ്ടതാണ് | 1-26 |
| 28 | തെരുവ് വിളക്കുകളുടെ പരിപാലനം - നടപടികളിലെ അപാകങ്ങൾ | 1-27 |
| 29 | പാർട്ട് ടൈം തസ്തികയിലെ താത്കാലിക നിയമനം ക്രമവിരുദ്ധം | 1-28 |
| 30 | അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ ബഡ്സ് സ്കൂൾ പ്രവർത്തനം - 23640/-രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്.

2021-22 സാമ്പത്തികവർഷത്തെ ബജറ്റ് 16.02.2021ലെ ഭരണസമിതിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് മുന്നിരുപ്പ് 4745454/-, വരവ് 214099918/-, ചെലവ് 215552492/-, ബജറ്റ് നീക്കിയിരുപ്പ് 3292880/- കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരുകയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ റിവൈസ്ഡ് ബജറ്റ് 28.02.2022 ലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 214424918/- രൂപയും ചെലവ് 212102492/-രൂപയും 3796076/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇൻകം & എക്സ്പൻഡിച്ചർ പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|
| 2101002 കൂലി | 405420/- | 400000/- |
| 2201101 ഓഫീസ് ചെലവുകൾ | 142794/- | 100000/- |
| 2201201 വാർത്താവിനിമയ ചെലവുകൾ | 51602/- | 50000/- |
| 2202101 അച്ചടിയും സ്റ്റേഷണറിയും | 100706 | 100000/- |
| 2208001 മറ്റ് ഭരണ ചെലവുകൾ | 314323 | 400000/- |

2)വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവ് ലഭിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇൻകം & എക്സ്പൻഡിച്ചർ പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|
| 1801101കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 0/- | 300000/- |
| 1803001 സ്ഥിര ആസ്തികളുടെ വിൽപനയിലുള്ള ലാഭം | 0/- | 100000/- |

തുടർവർഷങ്ങളിൽ കൃത്യമായ പഠനം നടത്തി ബജറ്റിൽ തുക വകയിരുത്തേണ്ടതും നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31-07-2022 | 09-06-2022 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

1. സി.എഫ്.സി ഗ്രാന്റിലെ തൻ വർഷത്തെ വരവ്, ചെലവുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല .വിശദാംശം ചുവടെ ചേർക്കുന്നു.

| AFS & ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വരവ് | | എ.സി.ആർ, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ആകെ ചെലവ് | ബാലൻസ് വരവ് – ചെലവ് | ബാലൻസ് AFS പ്രകാരം |
|---|---|---|---|---|
| ടൈഡ് ഫണ്ട് (ടി.എസ്.ബി അക്കൗണ്ട്) | 1615786 | 4040625 + 3421882 = 7462507 | | |
| അൺടൈഡ് ഫണ്ട് (ടി.എസ്.ബി അക്കൗണ്ട്) | 1586869 | | | |
| പി.എഫ്.എം. എസ് അക്കൗണ്ട് | 7156526 | | | |
| ആകെ തുക | 1,03,59,181/- | 7462507 | 2896674 | 3957400 |

(A).പി.എഫ്.എം.എസ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 39,57,400/- രൂപയാണ്. വ്യത്യാസം 10,60,726/- രൂപ. ഈ വ്യത്യാസത്തിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:29തീയതി:16/11/2022) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല

(B). സി.എഫ്.സി അക്കൗണ്ടിന്റെ 31/03/2022 ലെ റിക്കൺസിലിയേഷനിൽ ബാങ്ക് സ്റ്റേറ്റ്മെന്റും, ബാങ്ക് ബുക്കും തമ്മിൽ 43108/- രൂപയുടെ വ്യത്യാസം കാണുന്നു. ലഭ്യമാക്കിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുകയുടെ വിവരം വ്യക്തമല്ല.

2. വായ്പ തിരിച്ചടവ്, തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക എന്നിവ എ.എഫ്.എസ് ൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക1-20 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3.പ്രോജക്ട് ; 26/21 ആയുർവേദ അറ്റൻഡർ വേതനം - സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 175500/- രൂപയാണ്. എന്നാൽ ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം 193050 /- രൂപ ചെലവഴിച്ചിരിക്കുന്നു.

(A)251200101 എന്ന ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം ചെലവ് (PHC/CHC Other Hospital & Dispenseries) 305,175/- രൂപയാണ്. എന്നാൽ മെഡിക്കൽ ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ടു പ്രോജക്ടുകളിലായി തനതു ഫണ്ടിൽ നിന്നും 289050/- (271500+17550) രൂപയുടെ ചെലവു രേഖകളാണ് ഹാജരാക്കിയത്. വ്യത്യാസം 16125/- രൂപ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30, തീയതി ; 16/11/2022) മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ 289050/-രൂപയാണ് മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുള്ളു എന്ന് അറിയിച്ചു. വ്യത്യാസം വന്ന 16125/- രൂപയുടെ ചെലവു സംബന്ധിച്ച് പഞ്ചായത്ത് വിശദാംശം ലഭ്യമാക്കിയില്ല.

3. ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് 93358/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് വർക്കിന്റെ ഹെഡിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല, കൂടാതെ 2021-22 ൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ബാലൻസ്ഷീറ്റിൽ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എ.എഫ്.എസ് ലെ തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| വസ്തു നികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| AFS പ്രകാരം | 2735707 | 2011441 | 757140 |
| DCB സ്റ്റേറ്റ്മെന്റ് പ്രകാരം | 2455102 | 1674049 | 781053 |

മേൽ അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് തുക | ആകെ | ചെലവ് തുക | ലാപ്സ് ആയ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12839306 | 12839306 | 15938556 | - 3099250 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7898296 | 7898296 | 7076111 | 822185 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്) | 0 | 7920568 | 7920568 | 4040625 | 3879943 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 4908499 | 4908499 | 3421882 | 1486617 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 6599696 | 6599696 | 4806335 | 1793361 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 11342084 | 11342084 | 9473973 | 1868111 |
| CSS | 0 | 0 | 0 | 2748780 | (-2748780) |

വികസനഫണ്ട് (ജനറൽ), CSS എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലഭ്യമാകുന്ന ഗ്രാന്റ് തുകകൾ പൂർണമായും ചെലവഴിക്കുന്നതിന് ഭരണസമിതി പ്രാധാന്യം നൽകേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 192 | 10,23,17,983 | 143 | 5,86,29,715 | 49 | 74.5 % |

തൻ വർഷം നടപ്പാക്കുന്നതിന് 206 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 145 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 57% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

## 1-5 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 134280 | 125 |
| കർഷക തൊഴിലാളി പെൻഷൻ | 4709600 | 286 |
| വിധവ പെൻഷൻ | 12217600 | 797 |
| വാർദ്ധക്യകാല പെൻഷൻ | 21492200 | 1654 |
| വികലാംഗ പെൻഷൻ | 5301000 | 346 |
| വിവാഹ ധനസഹായം | 300000 | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 350000 | 23 |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2022 തീയതിയിൽ 2.44 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

(പതിനാലായിരത്തി എഴുനൂറ്റി പന്ത്രണ്ട്)14712/-രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം നിർണ്ണയിച്ചിട്ടുണ്ട്.

2)ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നുണ്ട്. മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3) വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ കൂടാതെ തയ്യാറാക്കുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

4) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

6) വസ്തു നികുതി, വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് എന്നിങ്ങനെയുള്ള വരവിനങ്ങളിൽ ലഭിക്കേണ്ട തുകകൾ പൂർണമായും പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7) രജിസ്ട്രേഷൻ ഇല്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

8) ബഡ്സ് സ്കൂൾ പ്രവർത്തിക്കാത്തതിനാൽ പഞ്ചായത്തു പരിധിയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നില്ല. എന്നാൽ ബഡ്സ് സ്കൂളിലെ ടീച്ചർക്ക് ഹോണറേറിയം, കെട്ടിട വാടക എന്നീയിനങ്ങളിൽ തുക ചെലവഴിച്ചിരിക്കുന്നത് അംഗീകരിക്കാനാകാത്ത വസ്തുതയാണ്. ഭരണസമിതി ഇത്തരം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 എം.ജി.എൻ.ആർ.ഇ.ജി.എസ്.പ്രവർത്തനം -അവലോകനം

എൻ.ആർ.ഇ.ജി.എസ് -നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും വരവ് ചെലവുകളുടെയും സംക്ഷിപ്ത വിവരം.

1.2021- 22-ൽ വിഭാവനം ചെയ്ത പദ്ധതികൾ -374

2.2021- 22-ൽ വിഭാവനം ചെയ്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ -233

3.2021- 22-ൽ വിതരണം ചെയ്ത തൊഴിൽ കാർഡുകൾ -3899

4.2021- 22-ൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 106079 | 10987 | 117066 |

| പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|
| 27808 | - | 27808 |

6.2021- 22-ൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം-2023

7.2021- 22-ൽ 100തൊഴിൽ ദിനം പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം-406

8. തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത വിവരം- Nil

9.2021- 22-ൽ പൂർത്തിയാക്കിയ സ്ഥിരആസ്തികളുടെവിവരം(രൂപയിൽ)-3127560/-

10.സോഷ്യൽ ആഡിറ്റ് നടത്തിയതിന്റെ വിവരം-25-6-2022 മുതൽ 26-08-2022 വരെ

11.പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്,ജല സംരക്ഷണം | 210 | 37430257 |
| 2 | വരൾച്ച തടയൽ,വനവൽക്കരണം. | 5 | 145450 |

| | | | |
|---|---|---|---|
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം. | - | - |
| 4 | നടപ്പാത | -- | - |
| 5 | വ്യക്തിഗത ആസ്തികൾ | 159 | 3127560 |

12.തൊഴിലുറപ്പ് പദ്ധതി വരവ്,ചെലവ് വിവരം.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 40633776 | 40633776 | 40633776 | 0 |
| ഭരണചെലവുകൾ | 14444 | 976045 | 990489 | 985531 | 4958 |
| ആകെ | 14444 | 41609821 | 41624265 | 41619307 | 4958 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/01/22 മുതൽ 29/01/22 വരെ | 2021-22 ഒന്നാം അർദ്ധവർഷം | 20/06/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | | |

## 1-10 റേഷൻ കടകൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്നറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും ഭരണതലത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നമ്പർ 7/10.11.2022 ) .

## 1-11 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994ലെ പഞ്ചായത്ത് രാജ് നിയമം (വകുപ്പ് 265 മുതൽ 267 വരെ) പ്രകാരം പഞ്ചായത്തിൽ മുൻകൂട്ടി രജിസ്ട്രേഷൻ ലഭിക്കാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലാത്തതും, രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നിടത്തോളം കാലം വർഷാവർഷം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/16.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ്

ലൈസൻസ് നൽകി വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/10.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12-1 ലൈസൻസ് അപാകതകൾ

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം ,ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മൂലധന നിക്ഷേപം എത്രയാണെന്നോ അപേക്ഷകളിലോ,അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2. 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 'വാണിജ്യാവശ്യത്തിനുള്ള100ച.മീ വരെ തറ വിസ്തീർണ്ണമുള്ള' എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണയിച്ചിട്ടുള്ള 673 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 103 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/11.11.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-13 കെട്ടിട നികുതി വഴി സൗകര്യത്തിന് അനുസരിച്ച് നികുതി നിർണയിക്കാത്തത് വരുമാന നഷ്ടം -തുടർനടപടി സ്വീകരിക്കണം

കെട്ടിനിർമ്മാണം പൂർത്തിയായി കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോം നമ്പർ 6, പൂർത്തീകരണ പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയാണ് നികുതി നിർണയം നടത്തുന്നത്.പൂർത്തീകരണ പ്ലാനിലെ വഴി സൗകര്യം 5മീറ്ററിലധികം ആണെങ്കിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ നികുതി നിർണയം നടത്തിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന ഫയലുകൾ പ്രകാരം നമ്പർ ലഭിച്ച കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാനുകൾ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പ്ലാനുകളിൽ 5 മീറ്ററോ, അതിലധികമോ വീതിയുള്ള റോഡ് വഴി സൗകര്യത്തിന് നികുതി വർദ്ധനവ് എടുത്തിട്ടില്ല.

| ഫയൽ നം. | കെട്ടിട നമ്പർ, ഇനം | പ്ലാനിലെ വഴിയുടെ വീതി | സഞ്ചയയിലെ വഴിയുടെ വിവരം | വിസ്തീർണം,ഇനം |
|---|---|---|---|---|
| A3-270/22 | 4/323 B | 5 M | 1.50 M | 67.93 $M^2$,താമസം |
| A3-4842/21 | 5/85 B | 10 M | 1.50 M | 13.86 $M^2$, വാണിജ്യം |
| A3-2938/21 | 4/204 A | 5 M | 1.50 M | 42 $M^2$ വാണിജ്യം |

| | | | | |
|---|---|---|---|---|
| A3-3500/21 | 11/12A | 7.5 M | 1.50 M | 140.59 $M^2$താമസം |
| A3-2668/221 | 15/69 B | 8 M | 1.50 M | 79.04 $M^2$ താമസം |

മേൽ വിവരിച്ച ഫയലുകൾ പ്രകാരം വഴി സൗകര്യം അനുസരിച്ച് വർദ്ധനവ് എടുക്കാത്തിനാൽ സംഭവിക്കുന്ന നികുതി നഷ്ടത്തിന് വിശദീകരണം ലഭ്യമാക്കാനും, പഞ്ചായത്ത് റോഡ് മാപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, വസ്തുനികുതി രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 25/22 -ന് മറുപടിയോ, ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കിയിട്ടില്ല.വഴി സൗകര്യത്തിന് അനുസരിച്ച് നികുതി ഈടാക്കാത്തതിനാൽ തനത് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234 (3) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ, മറ്റു സംഖ്യകളോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടേയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ, അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം കാരണക്കാരായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാം.ആയതിനാൽ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3മാസത്തിനകം മേൽ വിവരിച്ച കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃതം നികുതി ഈടാക്കിയും അന്വോഷണക്കുറിപ്പിന് വ്യക്തമായ മറുപടിയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ)അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ)എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ"VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 19/22- ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് ഉത്തരവിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 സാക്ഷ്യപത്രം തിരുത്തി ആനുകൂല്യം നേടി - തുക തിരികെ ഈടാക്കണം.

പ്രോജക്ട് നം. 25/22 വീട് വാസയോഗ്യമാക്കൽ
അടങ്കൽ തുക 3000000
ചെലവ് തുക 2425000

14.02.2018-ൽ പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ സംബന്ധിച്ച സ.ഉ.(കൈ)നം.22/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 6-7 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം ലഭിക്കുന്നതിന് വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞിരിക്കണം. വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ [പ്രോജക്ട് നമ്പർ 25/22- നമ്പർ (ജനറൽ) 50000/-രൂപ വീതം] എന്ന വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത് ധനസഹായം ലഭിച്ച ചില ഗുണഭോക്താളുടെ കെട്ടിടത്തിന് നൽകിയ കാലപ്പഴക്ക സർട്ടിഫിക്കറ്റ് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഷീബ.സി എന്ന ഗുണഭോക്താവിന്റെ 3/147 B എന്ന കെട്ടിടത്തിന് സഞ്ചയയിലെ കെട്ടിടനികുതി ഡിമാൻഡ് ചെയ്തു തുടങ്ങിയ വർഷവും പ്രസ്തുത കെട്ടിടത്തിന് 13 വർഷം കാലപ്പഴക്കം എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവും തമ്മിൽ പൊരുത്തപ്പെടാത്തതിനെ തുടർന്ന് നൽകിയ അന്വേഷണക്കുറിപ്പ് 15/22 -ന് നൽകിയ മറുപടിയിൽ 3/147 B എന്ന കെട്ടിടത്തിന്റെ ഉടമയായ ഷീബ സി. ആരോമൽ ഭവൻ കാക്കറവിള അരുമാനൂർ, പൂവ്വാർ പി.ഒ. എന്ന ഗുണഭോക്താവിന് 4/10/2021- തീയതിയിൽ എ3-3608/ 2021 നമ്പരായി വി.ഇ.ഒ-യ്ക്ക് നൽകുന്നതിനായി നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം ടി കെട്ടിടത്തിന് മൂന്ന് വർഷത്തെ കാലപ്പഴക്കം ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരുന്നതായും അറിയിച്ചു. കൂടാതെ സെക്രട്ടറി പ്രസ്തുത

സർട്ടിഫിക്കറ്റിന്റെ കോപ്പി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടുമുണ്ട്. ഇപ്രകാരം 3 വർഷത്തെ പഴക്കം ഉണ്ട് എന്ന സാക്ഷ്യപത്രം പഞ്ചായത്തിൽ നിന്നും ലഭിച്ച ശേഷം നിർവഹണോദ്യോഗസ്ഥന് നൽകിയത് 13 വർഷം പഴക്കമുണ്ട് എന്ന സാക്ഷ്യപത്രമാണ്. ഇപ്രകാരം ധനസഹായം നേടിയത് അംഗീകരിക്കാവുന്നതല്ല. വീട് വാസയോഗ്യമാക്കുന്നതിന് സബ്സിഡി മാർഗരേഖ പ്രകാരം കാലപ്പഴക്കം 8 വർഷത്തിലധികം ഉണ്ടാകേണ്ടതും ആയത് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിൽ നിന്നും പ്രസ്തുത ഗുണഭോക്താവിനെ തെരഞ്ഞെടുത്തതിൽ അപാകത സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പ്രസ്തുത പദ്ധതിയ്ക്കായുള്ള ഗുണഭോക്തൃ ലിസ്റ്റിൽ യോഗ്യരായി ധാരാളം പേർ തങ്ങളുടെ വീടുകൾ വാസയോഗ്യമാക്കുന്നതിന് ഊഴം കാത്ത് നിൽക്കുമ്പോഴാണ് അനർഹമായ രീതിയിൽ സാക്ഷ്യപത്രം ലഭ്യമാക്കി ആനുകൂല്യം നേടിയത്. ആയതിനാൽ തെറ്റായ സാക്ഷ്യപത്രം സമർപ്പിച്ച് നേടിയ 05-01-2022-ലെ 205നമ്പർ യു.റ്റി.ആർ.ബിൽ പ്രകാരം ലഭിച്ച 25000/-രൂപയും, ട്രഷറി ബിൽ നമ്പർ 1661604(സാംഖ്യ ഓഡർ നം.298-9-3-2022 )പ്രകാരം നൽകിയ 25000/-രൂപയും ഉൾപ്പടെ 50000/-രൂപ (അമ്പതിനായിരം) കൈപ്പറ്റിയ ഷീബ സി.എന്ന ഗുണഭോക്താവിൽ നിന്നും കരാർ പത്രത്തിൽ സമ്മതിച്ചത് പ്രകാരം 18% പലിശ ഉൾപ്പടെ തിരികെ അടവാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നോട്ടീസ് നൽകി തിരികെ അടവാക്കേണ്ടതും, അടവാക്കാത്ത പക്ഷം തുക റവന്യൂ റിക്കവറി മുഖാന്തിരം ഈടാക്കി നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ. ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-16 വീട് വാസയോഗ്യമാക്കൽ- രേഖകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ (പ്രോജക്ട് നമ്പർ 25/22,62/22) വീട് വാസയോഗ്യമാക്കൽ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപേക്ഷകളും, അനുബന്ധരേഖകളും പരിശോധിച്ചതിൽ വീട് വാസയോഗ്യമല്ലായെന്ന് ഉദ്യോഗതലത്തിൽ സാക്ഷ്യപ്പെടുത്താതെയും, വീടുകളുടെ അടിസ്ഥാനവിവരങ്ങൾ ശരിയായി പരിശോധിച്ച് ഉറപ്പുവരുത്താതെയുമാണ് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളത്. അപാകങ്ങൾ വിവരിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 17/22-ന് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. വീട് വാസയോഗ്യമാക്കൽ – ജനറൽ, എസ്.സി.പി എന്നീ വിഭാഗത്തിൽ നടപ്പിലാക്കിയ പദ്ധതിയിലെ രേഖകളിലും കെട്ടിടങ്ങളുടെ വിവരങ്ങളിലും കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

| പ്രോജക്ട് നമ്പർ | വീട് നമ്പർ, ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ,തുക | അപാകതകൾ |
|---|---|---|---|
| 25 | XI/160 ടീസ. | 222, 11-1-22-25000/-<br>205,5-1-2022-25000/- | സഞ്ചയപ്രകാരം വീടിന് 4.97 $M^2$മാത്രം വിസ്തീർണം |
| 62 | 14/212അനിൽ കുമാർ | 298,9-3-22<br>50000/-<br>179,9-12-2021<br>50000/- | വീട് ഗോമതി എന്നയാളുടെ പേരിൽ. ഗുണഭോക്താവായ അനിൽ കുമാറിന്റെ റേഷൻകാർഡിൽ പേര് ഇല്ല, |
| 25 | 8/225.സീനത്ത് ബീവി | 239,24-1-2022<br>25000/- | 110 $M^2$ (60 $M^2$- ന് മുകളിൽ വിസ്തീർണമുള്ള കെട്ടിടമായതിനാൽ അധികമുറി നിർമ്മിച്ചിട്ടില്ലായെന്ന് സർട്ടിഫൈ ചെയ്തിട്ടില്ല. |
| 62 | 2/107 സരിത | 280, 6-2-22-<br>50000/-. | സഞ്ചയപ്രകാരം വീടിന്റെ വിസ്തീർണം 12 $M^2$ മാത്രം |

വീട് വാസയോഗ്യമാക്കൽ പദ്ധതിപ്രകാരം ധനസഹായം നൽകുമ്പോൾ വീടുകളുടെ നിലവിലെ ഭൗതിക അവസ്ഥ പരിശോധിച്ചും, വീട് ഗുണഭോക്താവിന്റേതല്ലായെങ്കിൽ (കുടുംബാംഗത്തിന്റെ)സമ്മതപത്രം വാങ്ങി സൂക്ഷിക്കാനും നിർവഹണോദ്യോഗസ്ഥൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 പൊളിച്ചു നീക്കാൻ ഉത്തരവായ കെട്ടിടത്തിന് കെട്ടിടനിർമ്മാണചട്ടങ്ങൾ ഉറപ്പുവരുത്താതെ നമ്പർ നൽകി.

19-6-2013-ലെ എ3/2081/2013 നമ്പർ NOCപ്രകാരം $276.25m^2$ വിസ്തീർണത്തിൽ വാണിജ്യാവശ്യത്തിനും, പാർപ്പിടാവശ്യത്തിനുമായി കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീകുമാർ & ബിന്ദു എന്നിവർക്ക് നിർമ്മാണ അനുമതി നൽകിയിരുന്നു. എന്നാൽ അനധികൃത നിർമ്മാണം നടക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അസി. എഞ്ചിനീയർ പരിശോധന നടത്തി നിർമ്മാണം നിയമാനുസൃതമല്ലായെന്നും, കെട്ടിടത്തിന്റെ മുൻവശം റോഡ്പുറമ്പോക്ക് ആയതിനാൽ അതിർത്തി നിർണയിച്ചാൽ മാത്രമേ ക്രമവൽകരണം അനുവദിക്കാവുവെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, സെക്രട്ടറി അനുമതിയ്ക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയതിനാൽ നിർമ്മാണം നിർത്തിവയ്ക്കുവാൻ 11/4/2014-ലെ A4/3777/13നമ്പർ നോട്ടീസ് പ്രകാരം ഉത്തരവ് നൽകി. പ്രസ്തുത ഉത്തരവിൽ രണ്ട് നിലകളിലായി 518.71M2 വിസ്തീർണമുള്ള കെട്ടിടം പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും, വശങ്ങളിൽ ചട്ടപ്രകാരമുള്ള തുറസ്സായ സ്ഥലം ഇല്ലായെന്നും,ആവശ്യത്തിന് പാർക്കിംഗ് ഇല്ലായെന്നും, മുൻവശത്തെ പുറമ്പോക്ക് ഭൂമിയിലെ 2 ക്രോസ്സ് ഡ്രെയിനേജ് ഉൾപ്പെടെ മണ്ണ് ഇട്ട് മൂടി, തുടങ്ങിയ 10 ലധികം നിയമലംഘനങ്ങൾ ചൂണ്ടിക്കാണിക്കുകയും, ആയതിനാൽ നോട്ടീസ് കിട്ടി 14 ദിവസത്തിനകം കെട്ടിടം പൊളിച്ചു നീക്കാനും ആവശ്യപ്പെടുകയും നിർമ്മാണ അനുമതി റദ്ദ് ചെയ്യുകയും ചെയ്തു. കൂടാതെ 29/6/2015-ലെ 10762/ആർ.1/2015/തസ്വഭവ ഉത്തരവ് പ്രകാരം റഗുലറൈസേഷൻ ഉത്തരവിലെ റൂൾ 1(3) ലംഘിച്ചതിനാൽ അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു. ആയതിന് ഉടമ തുറസ്സായ സ്ഥലം ലഭ്യമാക്കുന്നതിനും ക്രമവത്ക്കരണം നടത്തുന്നതിനും സമയം അനുവദിക്കണമെന്ന അപേക്ഷ നൽകി.

തുടർന്ന് കെട്ടിട ഉടമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ നൽകിയ 545/2016 നമ്പർ കേസിൽ വിധിയിൽ ഉടമയോട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകാനും ആയത് പരിഗണിക്കാനും ഉത്തരവായി. തുടർന്ന് ഉടമ നമ്പർ ലഭിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കാൻ 24-11-21- ലെ 10(1) തീരുമാനപ്രകാരം സബ്കമ്മിറ്റി രൂപീകരിച്ചു. 13-12-21- ലെ 12(1) തീരുമാനത്തിലൂടെ സബ്കമ്മിറ്റി നിർദ്ദേശ പ്രകാരം സാങ്കേതിക വിഭാഗം പരിശോധിച്ച് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടത്തിയിട്ടില്ലായെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.കെട്ടിടത്തിന് ക്രമവത്ക്കരണം അനുവദിച്ച് V/341 A-J വരെയുള്ള നമ്പറുകൾ അനുവദിക്കുകയും ചെയ്തു. പൊളിച്ചു നീക്കാൻ ഉത്തരവായ കെട്ടിടത്തിന് ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുസരിച്ച് സബ്കമ്മിറ്റി നിർദ്ദേശപ്രകാരം പുതിയ നമ്പർ അനുവദിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ കേസിന്റെ തീർപ്പ് പ്രകാരം അപേക്ഷ പരിഗണിക്കാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ 13-12-21- ലെ 12(1) തീരുമാനപ്രകാരം സാങ്കേതിക വിഭാഗം പരിശോധിച്ച് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടത്തിയിട്ടില്ലായെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. എന്നാൽ ഫയൽ പരിശോധനയിൽ നിശ്ചിത ഫോമിലുള്ള സാങ്കേതികപരിശോധനാ റിപ്പോർട്ട് നൽകാതെ നോട്ട്ഫയലിൽ കെട്ടിട നിർമ്മാണചട്ടം പാലിക്കുന്നുവെന്ന് മാത്രം രേഖപ്പെടുത്തി തുടർനടപടി സ്വീകരിച്ചു. 31-5-2016 ൽ സെക്രട്ടറി അനുമതിയ്ക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയതിനാൽ നിർമ്മാണം നിർത്തിവയ്ക്കുവാൻ 11/4/2014-ലെ A4/3777/13നമ്പർ നോട്ടീസിൽ വിവരിച്ച 10-ലധികം അപാകതകൾ പരിഹരിച്ചതായി തെളിയിക്കുന്ന സാങ്കേതിക റിപ്പോർട്ടും, അപാകതകൾ പരിഹരിച്ച് ബിൽഡിംഗ് പ്ലാനർ തയ്യാറാക്കിയ പുതിയ കെട്ടിട പ്ലാനും മറ്റ് രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കെട്ടിടനിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ചതായി തെളിയിക്കുന്ന സാങ്കേതിക റിപ്പോർട്ടും , നിയമാനുസൃത പാർക്കിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ള പുതിയ പ്ലാനും അന്വേഷണക്കുറിപ്പ് വഴി ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇപ്രകാരമുള്ള അപാകതകൾ നിയമാനുസൃതം പരിശോധിക്കാതെയാണ് സബ്കമ്മിറ്റി കെട്ടിടത്തിന് നമ്പർ നൽകിയതെന്ന് വ്യക്തമാകുന്നു.

2. സഞ്ചയയിലെ പരിശോധനയിൽ കെട്ടിടത്തിലെ സെല്ലാർ നില പാർപ്പിടം എന്ന ഉപയോഗക്രമത്തിലും മറ്റ് ഭാഗങ്ങൾ വാണിജ്യാവശ്യത്തിനും മുമ്പ് 341/Aമുതൽ Fവരെ എന്നീ നമ്പറുകൾ നൽകിയപ്പോൾ കെട്ടിടത്തിന് $498.43m^2$ വിസ്തീർണം ഉണ്ടായിരുന്നു. എന്നാൽ കെട്ടിടത്തിന് പുതിയതായി 341 Aമുതൽ J വരെയുള്ള നമ്പറുകൾ നൽകിയപ്പോൾ കെട്ടിടത്തിന് ആകെ $540.66M^2$ വിസ്തീർണം ഉള്ളതായി അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ഇപ്രകാരം വിസ്തീർണത്തിലും മുമ്പ് പാർപ്പിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയ സെല്ലാർ നില പുതിയതായി നമ്പർ

നൽകിയപ്പോൾ വാണിജ്യാവശ്യ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചപ്പോൾ പുതിയ പ്ലാൻ വാങ്ങാതെയും നിയമാനുസൃത പാർക്കിംഗ് സ്ഥലം ഉണ്ടെന്ന് ഉറപ്പുവരുത്താതെയും, സെക്രട്ടറി 4-1-2016-ലെ A7-3777/13നമ്പരായി AEയ്ക്ക് കെട്ടിടം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടത് അനുസരിച്ച് ലഭ്യമാക്കിയ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച നിയമലംഘനങ്ങൾ പരിഹരിച്ചതായി ഉറപ്പുവരുത്തുന്ന രേഖകൾ ഇല്ലാതെയാണ് സബ്കമ്മിറ്റി കെട്ടിടം നിയമാനുസൃതം എന്ന് കണ്ടെത്തിയത്.

3. കെട്ടിടനമ്പർ നൽകുന്നതിന് മുമ്പ് തദ്ദേശ സ്വയംഭരണ(ആർ.ഡി) വകുപ്പിന്റെ 9-7-2015-ലെ സ.ഉ.(എം.എസ്) 231/2015 നമ്പർ ഉത്തരവ് പ്രകാരം പുതിയതായി കെട്ടിട നമ്പർ അനുവദിക്കുമ്പോഴോ, നിലവിലുള്ളവയോട് കൂട്ടിച്ചേർക്കപ്പെട്ട് നികുതി ചുമത്തുമ്പോഴോ, വാസഗൃഹങ്ങൾക്ക് 100m$^2$-ന് മുകളിലും,വാണിജ്യ കെട്ടിടങ്ങൾക്ക് 50m$^2$മുകളിൽ വിസ്തീർണം അധികരിക്കുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിന് റവന്യൂവകുപ്പിൽ അടവാക്കിയ ഒറ്റതവണ കെട്ടിടനികുതിയുടെ ആദ്യ ഗഡു അടവാക്കിയ രസീതിന്റെ പകർപ്പോ, അല്ലായെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കിയാൽ മാത്രമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണം തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകാവൂവെന്ന് അനുശാസിക്കുന്നു. റവന്യൂവകുപ്പിൽ ഒറ്റത്തവണ നികുതി അടവാക്കിയതായ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് പുതിയതായി നമ്പർ അനുവദിക്കുന്നതിനായി പരിശോധിച്ച സ്കെച്ചും, മറ്റ് രേഖകളും, വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് 34/22- -ന് മറുപടിയോ, രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപേക്ഷകൻ കെട്ടിടനിർമ്മാണ അനുമതിയ്ക്കായി സമർപ്പിച്ച അപാകതകൾ നിറഞ്ഞ പെർമിറ്റ് പ്ലാൻ അടിസ്ഥാനമാക്കി പുതിയ നമ്പരുകൾ നൽകിയതും, ഉപയോഗക്രമത്തിലും,വിസ്തീർണത്തിലും മാറ്റം സംഭവിച്ചപ്പോൾ അപാകതകൾ പരിഹരിച്ചതും കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കുന്നതുമായ പുതിയ പ്ലാൻ ലഭ്യമാക്കാതെ തുടർനടപടി സ്ഥീകരിച്ചത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ അംഗീകൃത ബിൽഡിംഗ് പ്ലാനർ നിയമാനുസൃതം തയ്യാറാക്കിയ പുതിയ പ്ലാൻ സമർപ്പിക്കാൻ കെട്ടിട ഉടമയ്ക്ക് നിർദ്ദേശം നൽകി ആയത് പരിശോധിച്ച് നിയമാനുസൃതമാണെങ്കിൽ നമ്പരുകൾ നിലനിർത്തിയും, അല്ലാത്തപക്ഷം അനധികൃതകെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നടപടി സ്ഥീകരിച്ചും തുടർനടപടി രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 പ്രവർത്തന രഹിത അക്കൗണ്ടിൽ 182690/- രൂപ അവശേഷിക്കുന്നു

എസ്.ബി.ഐ പൂവാർ ബ്രാഞ്ചിലെ 57048287906 എന്ന നമ്പറിലുള്ള അക്കൗണ്ടിൽ 182690/- രൂപ അവശേഷിച്ചിട്ടുണ്ട്. വി.ഇ.ഒ യുടെ പേരിലുള്ള പ്രസ്തുത അക്കൗണ്ട് Inactive Account ആയാണ് നിലനിൽക്കുന്നത്. അക്കൗണ്ടിന്റെ വിവരങ്ങൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി:10/11/22) മറുപടി ലഭ്യമാക്കിയില്ല. 28.02.2022-ലെ ഭരണസമിതിയോഗം തീരുമാനം നമ്പർ (1) ആയി ഈ അക്കൗണ്ട് ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിരുന്നെങ്കിലും നാളിതുവരെ തുക ലഭ്യമായിട്ടില്ല. പ്രസ്തുത അക്കൗണ്ടിലെ ബാലൻസ് തുക പിൻവലിച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും ഏതിനത്തിലെ തുകയാണെന്ന് കണ്ടെത്തി സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-19 ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് - അധികം അടവാക്കിയ തുക സഹകരണ ബാങ്കിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇ.എം.എസ് ഭവനപദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നം. 207/2010/ത.സ്വ.ഭ.വ ; തീയതി : 20/01/2020 ന്റെ അടിസ്ഥാനത്തിൽ പൂവാർ സർവീസ് സഹകരണ ബാങ്കിൽ നിന്നും 20/08/2010 മുതൽ 29/03/2012 വരെയുള്ള കാലയളവിൽ 72,41,995/- രൂപ വായ്പ എടുത്തിരുന്നു. സഹകരണ സംഘം രജിസ്ട്രാറുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെട്ട കരാർ പ്രകാരം വായ്പക്ക് 10% പലിശയാണ് നിശ്ചയിച്ചിരുന്നത്. മുതലിനത്തിലെ തുക പഞ്ചായത്തും പലിശയിനത്തിലെ തുക സർക്കാരും സഹകരണബാങ്കുകൾക്ക് നൽകും എന്നതായിരുന്നു സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥ. 14/02/2014 ൽ 884944/- രൂപ മുതലിനത്തിൽ അടയ്ക്കുന്നതിനായി ബാങ്കിൽ നൽകിയത് 211515/- രൂപ മുതലിനത്തിലും 673429/- രൂപ പലിശയിനത്തിലും അടവാക്കിയ രസീതാണ് സഹകരണബാങ്കിൽ നിന്നും ലഭിച്ചത്. ഈ വിഷയം സൂചിപ്പിച്ച് പഞ്ചായത്ത് സഹകരണ ബാങ്കിന് കത്ത് നൽയിരുന്നു. തുക അടയ്ക്കാൻ പഞ്ചായത്ത് ചുമതലപ്പെടുത്തിയ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സഹകരണബാങ്കിൽ നൽകിയ കത്തിൽ 884944/- രൂപ മുതലിലും പലിശയിലുമായി അടവാക്കാൻ നിർദ്ദേശിച്ചിരുന്നതിനാലാണ് തുക ഇത്തരത്തിൽ അടച്ചതെന്നും ആയത് തിരുത്തൽ വരുത്തി മുതലിനത്തിലെ വരവായി ഇനി ഉൾപ്പെടുത്താൻ സാധിക്കില്ല. ആയതിനാൽ പലിശയിനത്തിലെ തുക സർക്കാർ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത തുക മുതലിനത്തിൽ കുറവു ചെയ്ത് ക്രമീകരിക്കുന്നതാണ് എന്നും 05/08/2014 ൽ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കു നൽകിയ മറുപടി കത്തിൽ (നം. 97/14) പറഞ്ഞിരുന്നു. എന്നാൽ പിന്നീട് പലിശയിനത്തിൽ ലഭ്യമായ തുക ഇത്തരത്തിൽ ക്രമീകരിച്ചില്ല. കൂടാതെ മുതലിൽ

കുറവു ചെയ്യാതെ വീണ്ടും പലിശ കണക്കാക്കിയതിനാൽ പലിശയിനത്തിലും പഞ്ചായത്ത് കണക്കാക്കിയതിനെക്കാളും കൂടുതൽ തുകയാണ് സഹകരണബാങ്ക് കാൽക്കുലേറ്റ് ചെയ്തിരിക്കുന്നത്. പിന്നീട് പഞ്ചായത്തിനു ലഭ്യമാകേണ്ട ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ സ്രോതസിൽ കുറവു ചെയ്ത് (സ.ഉ.(സാധാ)നം 2003/2021/ധന: തീയതി: 03/03/2021) 673429/- രൂപ മുതലിനത്തിലെ തുകയായി സഹകരണബാങ്കിനു നൽകി. പഞ്ചായത്തിനു ലഭ്യമാകേണ്ട തുകയാണ് ഇത്തരത്തിൽ സഹകരണബാങ്കിനു നൽകിയത് എന്നു കാണിച്ചുകൊണ്ട് പഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും, സഹകരണ രജിസ്ട്രാർക്കും പലതവണ കത്തുകൾ നൽകിയിട്ടുണ്ട്. വിവിധ കത്തിടപാടുകളിലൂടെ നടപടികൾ തുടരുന്നുവെങ്കിലും നാളിതുവരെ സഹകരണബാങ്കിൽ നിന്നും പഞ്ചായത്തിന് തുക ലഭ്യമായില്ല.

ബാങ്കിൽ അടവാക്കിയ തുക തെറ്റായി രേഖപ്പെടുത്തിയതിനാൽ ഉണ്ടായ അപാകം ഉടനെ പരിഹരിക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും അടവാക്കുന്ന തുക മുതലിനത്തിലേതാണെന്നും പലിശ സർക്കാർ നേരിട്ടു നൽകുന്നതാണെന്നതും വളരെ വ്യക്തമായ വസ്തുതയാണ്. അശ്രദ്ധയാൽ തുക അടവാക്കുകയും അതിലെ പിഴവു പരിഹരിക്കാതിരിക്കുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തിനാണ് നഷ്ടം സംഭവിച്ചിരിക്കുന്നത്. ആയതിനാൽ ഇതു സംബന്ധിച്ച കത്തിടപാടുകളിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടം സഹകരണ രജിസ്ട്രാർ ഉൾപ്പെടെയുള്ളവരെ ബോധ്യപ്പെടുത്തി തുക തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 കെ.യു.ആർ.ഡി.എഫ്.സി വായ്പ തിരിച്ചടവ് വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥ തുക ഉൾപ്പെടുത്തിയിട്ടില്ല.

കെ.യു.ആർ.ഡി.എഫ്.സി വായ്പ തിരിച്ചടവ് വാർഷിക ധനകാര്യപത്രികയിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

2020-21 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈഫ് ഭവന പദ്ധതിക്കായുള്ള കെ.യു.ആർ.ഡി.എഫ്.സി വായ്പയിൽ തിരിച്ചടയ്ക്കാൻ അവശേഷിച്ചിരുന്ന തുക 1,75,85,334 /- രൂപയാണ്. ലോൺ അക്കൗണ്ട് AFS എന്നിവ പ്രകാരം തൻ വർഷം വായ്പയിനത്തിൽ എടുത്ത തുക 11,00,000/-രൂപ ( ആകെ 1,86,85,334/- രൂപ)

തൻ വർഷം സർക്കാർ ഉത്തരവു പ്രകാരം സ്രോതസ്സിൽ നിന്നും വായ്പ മുതലിനത്തിൽ കുറവ് ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് നമ്പർ | വായ്പയിനത്തിൽ സ്രോതസ്സിൽ കുറവു ചെയ്ത തുക | |
|---|---|---|
| | General | SCP |
| GO(Rt) No: 3367/21/fin ; 07/04/21 | 146667 | 0 |
| GO(Rt) No: 5206/2021/fin ; 30/7/21 | 748000 | 117333 |
| GO(Rt) No: 22/2022/fin ; 01/01/2022 | 826223 | 127111 |
| ആകെ | 1720890 | 244444 |

ആകെ തിരിച്ചടവ് തുക 19,65,334/- രൂപ

ബാക്കി അടയ്ക്കാനവശേഷിക്കുന്ന തുക 1,67,20,000/-

1. സുലേഖ എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം വായ്പയിനത്തിൽ അടവാക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| വായ്പയിനത്തിൽ അടവാക്കിയ തുക & പ്രോജക്ട് നമ്പർ | |
|---|---|
| General | SCP |
| 748000 (237/21) | 117333 (238/21) |
| 826223 (235/21) | 127111 (236/21) |
| 826223 (239/21) | 127111 (241/21) |

ആകെ തൻവർഷ വായ്പ തിരിച്ചടവ് -2772001/- രൂപ

2.വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വായ്പ തിരിച്ചടവ് ചുവടെ ചേർക്കുന്നു.

| 2020-21 ൽ അടയ്ക്കാൻ അവശേഷിക്കുന്ന തുക | തൻവർഷ വായ്പ | വായ്പ തിരിച്ചടവ് | 2021-22 ൽ അടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1,75,85,334/- | 11,00,000 | 27,72,001 | 1,59,13,333 |

ഇപ്രകാരം സുലേഖ സ്റ്റേറ്റ്മെന്റിലും വാർഷിക ധനകാര്യ പത്രികയിലും തെറ്റായ വിവരങ്ങളാണ്

ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:13 തീയതി:14/11/2022) മറുപടി ലഭ്യമാക്കിയില്ല.ഈ തെറ്റായ വിവരങ്ങൾ തുടർന്നു വരുന്ന വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികയിൽ തിരിച്ചടയ്ക്കാനവശേഷിക്കുന്ന വായ്പ തുകയിൽ പ്രതിഫലിക്കും. ആയതിനാൽ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥ വായ്പ തിരിച്ചടവ് വിവരങ്ങൾ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

## 1-21 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമല്ല – 24571/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം.- 98/22 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ലൈൻ നീട്ടൽ

അടങ്കൽ തുക - 150000/-

ചെലവു തുക - 93358/-

ഫണ്ടിനം - വികസനഫണ്ട് പൊതുവിഭാഗം

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കെ.എസ്.ഇ.ബി. മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് തൻവർഷം ചുവടെ ചേർക്കും പ്രകാരം ചെലവു ചെയ്തിട്ടുണ്ട്.

| ക്രമ നം. | ചെലവു തുക | ബിൽ നം., തീയതി | പ്രവൃത്തി വിവരം |
|---|---|---|---|
| 1 | 24571 | 17/16.08.2021 | വാർഡ് 12 അംഗൻവാടി 16 വൈദ്യുതീകരണം |
| 2 | 41116 | 29/12.11.2021 | വാർഡ് 1, 2, 15 പോസ്റ്റ് ഷിഫ്റ്റിംഗ് |
| 3 | 27671 | 51/22.02.2022 | പോസ്റ്റ് ഷിഫ്റ്റിംഗ് |
| | 93358 | | |

പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കി, നിർവഹണ ഏജൻസിയുമായി പ്രവൃത്തിയുടെ കാര്യക്ഷമമായ നിർവഹണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ രേഖപ്പെടുത്തി കരാറിലേർപ്പെട്ട ശേഷം മാത്രമാണ് നിക്ഷേപ പ്രവൃത്തികൾക്കായി തുക നിർവഹണ ഏജൻസിക്കു കൈമാറേണ്ടത്. എന്നാൽ ഇപ്രകാരം വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും, കരാറിലേർപ്പെടാതെയുമാണ് ഗ്രാമപഞ്ചായത്ത് പ്രവത്തികൾക്കായി തുക കൈമാറിയിട്ടുള്ളത്. ക്രമ നം. 2,3 പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായി പൂവാർ ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച തീയതിയോ, പ്രവൃത്തിക്കായി ചെലവായ തുക എത്രയാണെന്നോ വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തികളുടെ ഫൈനൽ ബില്ലും ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 1 പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമല്ല. മേൽ പ്രവൃത്തികളുടെ നിർവഹണം, പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടും ലഭ്യമായില്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) പ്രവൃത്തിയുടെ കരാർ സ്ഥാപിച്ചിട്ടുള്ളതായി അറിയിച്ചു. എന്നാൽ പ്രസ്തുത കരാർ മുൻ സാമ്പത്തിക വർഷാരംഭത്തിൽ (30.06.2020 ൽ) സ്ഥാപിച്ചിട്ടുള്ളതും, കരാറിൽ പ്രവൃത്തിയുടെ പേര്, നിക്ഷേപിച്ചു നൽകുന്ന തുക, പ്രവൃത്തി പൂർത്തീകരിക്കേണ്ടുന്ന കാലയളവ് തുടങ്ങി യാതൊരു വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ലാത്തതുമാണ്.

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫൈനൽ ബില്ലുകൾ, പൂർത്തീകരണ രേഖകൾ, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമല്ലാത്തതിനാൽ ക്രമ നം. 1 പ്രകാരമുള്ള ചെലവായ 24,571/- രൂപ തടസ്സം ചെയ്യുന്നു.

## 1-22 ഐ.കെ.എം. വിഹിതം കൈമാറൽ - 75290/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. 5/22 ഐ.കെ.എം. വിഹിതം നൽകൽ

അടങ്കൽ തുക - 75290/-

ചെലവു തുക - 75290/-

ഫണ്ടിനം - വികസനഫണ്ട് പൊതുവിഭാഗം

ബിൽ നം/തീയതി - 12/30.07.2021

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സ.ഉ.(സാധാ) നം. 1228/2016/തസ്വഭവ തീയതി 08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തിന ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% മാത്രമാണ് ഐ.കെ.എം. ന്റെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് മാറ്റി വക്കേണ്ടത്. സംസ്ഥാന ബജറ്റ് അനുബന്ധം 4 പ്രകാരം പ്ലാൻ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് 2,30,13,000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഐ.കെ.എം. വിഹിതം 75,920/- രൂപയായി നിശ്ചയിച്ച ഡിമാന്റ് ലെറ്റർ നൽകിയതിലെ മാനദണ്ഡം വ്യക്തമല്ല. കൂടാതെ ഐ.കെ.എം. ന്റെ വിനിയോഗ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) ഐ.കെ.എം. മുമായി ബന്ധപ്പെട്ട് പരാമർശത്തിന് മറുപടി ലഭ്യമാക്കുന്നതായി അറിയിച്ചു. രേഖകൾ ലഭ്യമാക്കും വരെ 75290/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 1-23 സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തിരമുള്ള വാങ്ങൽ - 24,575/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. 154/22 ഓഫീസ് ആവശ്യത്തിന് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ തുക - 400000/-

ചെലവു തുക - 399876/-

ഫണ്ടിനം - തനതുഫണ്ട്

ചെക്ക് നം/തീയതി - 1853588/17.11.2021

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്ത് കാര്യാലയം പേപ്പർലസ്സ് പഞ്ചായത്ത് ആക്കുന്നതിന്റെ ഭാഗമായി പദ്ധതിയിലൂടെ 7 ഡെസ്ക്ടോപ്പുകളും (278579/- രൂപ), 3 ഫ്ലാറ്റ് ബഡ് സ്കാനറുകളും (21,207/- രൂപ), 5 മൾട്ടി ഫങ്ഷൻ പ്രിന്ററുകളും (1,00,090/- രൂപ) വാങ്ങുന്നതിലേക്കായി സി.പി.ആർ.സി.എസ്. പോർട്ടലിൽ വർക്ക് ഓർഡർ നൽകി, ഇതിലേക്കായി 3,99,876/- രൂപ മുൻകൂർ ആയി കെൽട്രോണിന് അനുവദിച്ചു.

മൾട്ടി ഫങ്ഷൻ പ്രിന്ററുകൾക്കായി കെൽട്രോണിന് 1,00,090/- രൂപയാണ് അനുവദിച്ചതെങ്കിലും, കെൽട്രോൺ ലഭ്യമാക്കിയ ബിൽ പ്രകാരം 96,722/- രൂപ മാത്രമാണ് ചെലവ്. ഈയിനത്തിൽ 3368/- രൂപ വ്യത്യാസം നിലനിൽക്കുന്നു.

വർക്ക് ഓർഡർ നൽകിയ 3 ഫ്ലാറ്റ് ബെഡ് സ്കാനറുകൾ ലഭ്യമല്ലായെന്ന് 26.03.2022 ൽ കെൽട്രോൺ അറിയിച്ചതിനെ തുടർന്ന ഗ്രാമപഞ്ചായത്ത് പ്രസ്തുത ഓർഡർ കാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ സ്കാനർ ലഭ്യമാക്കുന്നതിലേക്കായി മുൻകൂർ ആയി ഒടുക്കിയ 21,207/- രൂപ ഇതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) വർക്ക് ഓർഡർ കാൻസൽ ചെയ്യുവാൻ കഴിയില്ലായെന്ന് ടെലഫോൺ മുഖാന്തിരം അറിയിച്ചതായും, സ്കാനറുകളുടെ വിലയായ 21207/- രൂപയും, മൾട്ടി ഫങ്ഷൻ പ്രിന്ററുകളുടെ വിലയിൽ ബാക്കിയുള്ള 3368/- രൂപയും ചേർത്ത് 24,575/- രൂപയ്ക്ക് കളർ പ്രിന്റർ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും മറുപടി നൽകി.കളർ പ്രിന്ററിന്റെ ആവശ്യകത വ്യക്തമാക്കിയില്ല. വർക്ക് ഓർഡർ നൽകിയ ശേഷം ഉപകരണങ്ങൾ ലഭ്യമാകാത്തതും, ക്യാൻസൽ ചെയ്ത ഓർഡറുകളുടെ തുക തിരികെ ലഭ്യമാകാത്തതും സംബന്ധിച്ച വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

മൾട്ടി ഫങ്ഷൻ പ്രിന്ററുകൾക്കായി അനുവദിച്ചതിലെ വ്യത്യാസമുള്ള തുകയായ 3368/- രൂപയും, സ്കാനറുകൾ ലഭ്യമാകാത്തതിനാൽ ഈയിനത്തിൽ അനുവദിച്ചിട്ടുള്ള 21,207/- രൂപയും ഉൾപ്പെടെയുള്ള തുക 24,575/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ / മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 കമ്പ്യൂട്ടർ ഉപകരണങ്ങൾ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ഉപയോഗരഹിതമായി സൂക്ഷിച്ചിട്ടുള്ള കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ വിശദാംശം ചുവടെ. (ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഉപകരണങ്ങൾ | ഉപയോഗരഹിതമായ ഉപകരണങ്ങൾ | റിപ്പയർ ചെയ്ത് ഉപയോഗ പ്രദമാക്കാൻ കഴിയുന്നവ | റിപ്പയർ ചെയ്യുവാൻ സാധിക്കാത്തത് |
|---|---|---|---|
| ഡെസ്ക് ടോപ്പുകൾ | 10 | 3 | 7 |
| ലാപ് ടോപ്പ് | 2 | 1 | 1 |
| സ്കാനർ | 2 | | 2 |

| | | | |
|---|---|---|---|
| പ്രിന്റർ | 3 | 3 | |
| യു.പി.എസ്. | 1 | | 1 |
| ഫോട്ടോകോപ്പിയർ | 1 | | 1 |

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പദ്ധതിയിലൂടെയും, തനതു ഫണ്ട് ഉപയോഗിച്ച് അടിയന്തിര സാഹചര്യത്തിലും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതായി അറിയിച്ചിട്ടുണ്ട്. പുതുതായി കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുന്നതിനു മുൻപ് നിലവിലുള്ളവയിൽ പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്നവ റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കേണ്ടതും, പ്രവർത്തന സജ്ജമാക്കുവാൻ കഴിയാത്ത ഉപകരണങ്ങൾ സ.ഉ.(കൈ) നം.27/2018/ ഐ.റ്റി.ഡി. തീയതി 28.10.2018, സ.ഉ.(കൈ) നം.30/2021/ഐ.റ്റി.ഡി. തീയതി 01.10.2021 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിംഗ്- 3770/- രൂപ അധികമായി അനുവദിച്ചു

പ്രോജക്ട് നം. 38/22 തീരദേശ മേഖലയിലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിങ്

അടങ്കൽ തുക - 130000/-

ചെലവു തുക - 88,937/-

ഫണ്ടിനം - വികസനഫണ്ട്

ബിൽ നം. 44/21.01.2022 - 84500/-

42/19.01.2022 - 3328/-

43/19.01.2022 - 1109/-

നിർവഹണാധികാരി - സെക്രട്ടറി

തീരദേശ മേഖലയിലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്തതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.

എ) സ.ഉ.(പി)നം.3/15/ധന തീയതി 05.01.2015, അനുബന്ധ ഉത്തരവുകൾ പ്രകാരം 50,000/- മുതൽ 10 ലക്ഷം വരെ അടങ്കൽ ഉള്ള പദ്ധതികളുടെ ടെണ്ടർ ഫീ പ്രവൃത്തി മൂല്യത്തിന്റെ 0.2% (കുറഞ്ഞത് 500/- രൂപയും, പരമാവധി 2000/- രൂപയും) ആണ്. 1,30,000/- രൂപ അടങ്കലുള്ള പദ്ധതിക്കായി 500/- രൂപ ടെണ്ടർ ഫീ ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ 200/- രൂപ നിരക്കിലാണ് ഗ്രാമപഞ്ചായത്ത് ടെണ്ടർ ഫീ ഈടാക്കിയിട്ടുള്ളത്.

ബി) പ്രവൃത്തിയുടെ എം ബുക്കിൽ നം. രേഖപ്പെടുത്തിയിട്ടില്ല. എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തു സാക്ഷ്യപ്പെടുത്താതെ നേരിട്ട് ബിൽ തയ്യാറാക്കി പേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. എം ബുക്കിൽ കരാറുകാരൻ അളവും തുകയും സമ്മതിച്ചു സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി) പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ 3 കരാറുകൾ ലഭിക്കുകയും, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജെ.എസ്. ഇലക്ട്രിക്കൽസ് (35% കുറവിൽ) എന്ന സ്ഥാപനത്തിന് കരാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (28.10.2021 ലെ ഭരണസമിതി തീരുമാനം നം. 1(3)). പ്രവൃത്തിക്ക് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.

പ്രവൃത്തി മൂല്യം (എം ബുക്ക് പേജ് 8) - 110943

(-) ടെണ്ടർ കിഴിവ് @ 35% - 38830

72,113

(+) എസ്റ്റിമേറ്റ്, ബിൽ തയ്യാറാക്കൽ, സൂപ്പർവിഷൻ ചാർജ്ജസ് @3% - 3300

(+) ചെക്ക് മെഷർമെന്റ് ചാർജ്ജസ് @ 1% - 1100

(+) ജി.എസ്.ടി. @ 12% - 8654

ആകെ അനുവദിക്കേണ്ട തുക - 85167

എന്നാൽ പ്രവൃത്തിക്കായി ആകെ 88,937/- രൂപ അനുവദിച്ചിട്ടുണ്ട്. വ്യത്യാസം 3,770/-രൂപ.

ഡി) തെരുവ് വിളക്ക് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതു സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായില്ല.

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16) കരാറുകാരൻ ടെണ്ടർ ഫീ ഒടുക്കുന്നതിൽ നിന്നും ഇളവു അനുവദിച്ചിട്ടുള്ളതായി അറിയിച്ചു. എസ്റ്റിമേറ്റ് തുകയിൽ നിന്നും 35% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതിനാൽ എസ്റ്റിമേറ്റ് തുകയുടെ (130000) 35% കുറഞ്ഞ നിരക്കിലാണ് ബിൽ തയ്യാറാക്കിയത് എന്ന മറുപടി നൽകി. കരാറുകാരൻ പൂർത്തീകരിച്ച/ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിൽ (110943/- രൂപ) നിന്നും 35% കുറഞ്ഞ നിരക്കും

ജി.എസ്.ടി. യും, എസ്റ്റിമേറ്റിൻ പ്രകാരമുള്ള സൂപ്പർവിഷൻ ചാർജ്ജുകളും കൂടി ഉൾപ്പെടുത്തിയാണ് ബിൽ തയ്യാറാക്കേണ്ടത് എന്നതിനാൽ 3,770/- രൂപയുടെ അധികചെലവ് ഉണ്ടായതായി വിലയിരുത്തുന്നു. അധികമായി അനുവദിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പ്ലാൻ ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 11.71 ലക്ഷം രൂപയുടെ വെള്ളക്കരം കുടിശ്ശിക – വ്യക്തത വരുത്തേണ്ടതാണ്

പ്രോജക്ട് നം. 30/22 മുഖേന നടപ്പാക്കിയ പൊതുടാപ്പുകളുടെ വെള്ളക്കരം അടയ്ക്കൽ പദ്ധതിയിലൂടെ വാട്ടർ ചാർജ്ജ് ഇനത്തിൽ തൻവർഷം 2,60,948/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 142 ടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റി ബില്ലുകളിലൂടെ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടുള്ളത്. തൻമാസ ഡിമാന്റിനൊപ്പം ബില്ലുകളിൽ കുടിശ്ശിക തുകയും, പിഴയും കൂടി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്ത് കുടിശ്ശികയും പിഴയും ഒടുക്കുന്നില്ല. ഇപ്രകാരം 31.03.2021 ലെ ഡിമാന്റ് 546201 (കുടിശ്ശിക) + 10738 (പിഴ) ഉം, 28.02.2022 ലെ ഡിമാന്റ് 1171957 (കുടിശ്ശിക) + 22988 (പിഴ) ഉം ആണ്. എന്നാൽ, കുടിശ്ശിക തുക ഏത് കാലയളവിലേതാണെന്നു വ്യക്തമല്ല. ഇതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടതായോ, കുടിശ്ശിക നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമത എന്നിവ ഉറപ്പു വരുത്തിയിട്ടില്ല. പൊതുടാപ്പുകളുടെ രജിസ്റ്റർ പരിപാലിക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21) മറുപടി ലഭ്യമാക്കിയില്ല. വിഷയം എക്സിറ്റ് മീറ്റിംഗ് വേളയിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും, ജലജീവൻ മിഷൻ പദ്ധതി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളതിനാൽ തുടർന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പൊതുടാപ്പുകൾ വേണ്ടി വരുന്നില്ലായെന്നു അറിയിക്കുകയുമുണ്ടായി. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശികയുമായി ബന്ധപ്പെട്ട വിഷയത്തിൽ പരിഹാരം നേടേണ്ടതും, പൊതുടാപ്പുകൾ ആവശ്യമില്ലാത്ത പക്ഷം റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 തെരുവ് വിളക്കുകളുടെ പരിപാലനം - നടപടികളിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കും, പരിപാലനത്തിനുമായി സെക്രട്ടറി നിർവഹണാധികാരിയായി തൻവർഷം ചുവടെ ചേർക്കും പ്രകാരം ചെലവുകൾ ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രോ. നം. | ചെലവു തുക | ബിൽ നം./ തീയതി | കരാറുകാരൻ, അംഗീകാരം നൽകിയ ഭരണസമിതി തീരുമാനം |
|---|---|---|---|---|
| 1 | 95/22തെരുവ് വിളക്ക് മെയിന്റനൻസ് (സ്പിൽ ഓവർ) | 296125 വികസനഫണ്ട് | 4/15.06.2021 | എവൺ ഏജൻസീസ് 12.08.2020, 2(1) |
| 2 | 23/22 തെരുവ് വിളക്ക് മെയിന്റനൻസ് | 227847 വികസനഫണ്ട് | 49/22.02.2022 | എവൺ ഏജൻസീസ് 17.08.2021, 1(1) |
| 3 | 94/22 തെരുവ് വിളക്ക് മെയിന്റനൻസിനു ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ) | 275860 വികസനഫണ്ട് | 5/09.07.2021 | എവൺ ഏജൻസീസ് 12.08.2020, 2(3) |
| 4 | 93/22 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 206999 വികസനഫണ്ട് | 34/16.12.2021 | എവൺ ഏജൻസീസ് |
| ആകെ | | 10,06,831/- | | |

മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകങ്ങൾക്ക് ചുവടെ.

എ) മേൽ പ്രവൃത്തികൾക്കെല്ലാം തന്നെ എവൺ ഏജൻസീസ്, റേഡിയന്റ് ഇലക്ട്രിക്കൽസ് എന്നീ രണ്ടു സ്ഥാപനങ്ങൾ മാത്രമാണ് ബിഡുകൾ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ എ വൺ ഏജൻസീസ് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നടത്തിപ്പ്/സൂപ്പർവിഷനായുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള ലൈസൻസും, തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ ലൈസൻസ് രേഖകളും സമർപ്പിച്ചിട്ടില്ല.

റേഡിയന്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് രേഖകൾ അവ്യക്തമാണ്. കൂടാതെ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള ലൈസൻസും, തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ ലൈസൻസ് രേഖകളും സമർപ്പിച്ചിട്ടില്ല.

ബി) രണ്ടു ബിഡ്ഡേഴ്സും ഇ.എം.ഡി., ടെണ്ടർ ഫീ എന്നിവ ഒടുക്കുന്നില്ല. ഇതിനു ആധാരമായി സൂക്ഷിച്ചിട്ടുള്ള ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള സാക്ഷ്യപത്രങ്ങളുടെ പകർപ്പ് അധികാരപ്പെട്ട ഉദ്യോഗസ്ഥരെ കൊണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി) ക്രമ നം. 3,4 പദ്ധതികൾക്കായി ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചതിന്റെയോ, ടെണ്ടർ പരസ്യം ദിനപത്രങ്ങളിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തിയതു സംബന്ധിച്ച രേഖകളോ പരിശോധനക്കു ലഭ്യമായില്ല.

ഡി) ടെണ്ടർ ലഭിച്ച സ്ഥാപനം കരാറിലേർപ്പെടുന്നതിനു മുൻപായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതുണ്ട്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഒഴിവാകുന്നതിലേക്കായി എവൺ ഏജൻസീസ് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സാക്ഷ്യ പത്രങ്ങളുടെ പകർപ്പ് അധികാരപ്പെട്ട ഉദ്യോഗസ്ഥരെ കൊണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇ) ക്രമ നം.4 ലെ പദ്ധതി പ്രകാരം 115 എൽ.ഇ.ഡി. സിംഗിൾ ട്യൂബ് സെറ്റുകൾ എവൺ ഏജൻസീസ് മുഖാന്തിരം ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചതിനുള്ള കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

എഫ്) തെരുവ് വിളക്കുകളുടെ വാങ്ങലിനും, ഇൻസ്റ്റലേഷനുമുൾപ്പെടുന്ന എല്ലാ ചാർജ്ജുകളും കരാർ ഏറ്റെടുക്കേണ്ട വ്യക്തിയാണ് ഒടുക്കേണ്ടത്. എന്നാൽ ക്രമ നം. 4 പദ്ധതി പ്രകാരമുള്ള 115 ട്യൂബുകളുടെ ഇൻസ്റ്റലേഷനായി 2858/- രൂപ (115*24.86) ഗ്രാമപഞ്ചായത്ത് ഇൻസ്റ്റലേഷൻ ചാർജ്ജസ് ഇനത്തിൽ 22.07.2020 തീയതിയിൽ കെ.എസ്.ഇ.ബി ക്ക് അനുവദിക്കുകയുണ്ടായി.

ജി) ക്രമ നം. 3 പദ്ധതി പ്രകാരം 275860/- രൂപയുടെ വൈദ്യുത ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് മെയിന്റനൻസിനായി കരാറുകാരന് കൈമാറിയതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

എച്ച്) ക്രമ നം. 3,4 പദ്ധതികൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ഗുണമേന്മ പരിശോധന നടത്താതെയാണ് സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്.

ഐ) ഒരു സാമ്പത്തിക വർഷത്തെ പദ്ധതികൾ സ്പിൽ ഓവർ ആകുന്ന പക്ഷം തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീയാക്കേണ്ടതുണ്ട്. ക്രമ നം. 4 ലെ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2021-22 വരെ സ്പിൽ ഓവർ ആക്കി മാറ്റിയിരിക്കുന്നു.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27) മറുപടി ലഭ്യമാക്കിയില്ല. കരാറുമായി ബന്ധപ്പെട്ട അസ്സൽ രേഖകളോ, തെളിച്ചമുള്ള പകർപ്പുകളോ പരിശോധനക്ക് ലഭ്യമായില്ല. പരാമർശിത അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിനും, ടെണ്ടർ രേഖകൾ വ്യക്തവും ആധികാരികമാണെന്ന് ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതും, ഇത്തരം അപാകങ്ങൾ കർശനമായി ഒഴിവാക്കേണ്ടതുമാണ്.

## 1-28 പാർട്ട് ടൈം തസ്തികയിലെ താത്കാലിക നിയമനം ക്രമവിരുദ്ധം

അരുമാനൂർ എസ്.എൻ.എസ്. ലൈബ്രറിയിലെ ലൈബ്രേറിയൻ തസ്തികയിലെ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ നിയമിച്ചു ലഭിക്കുന്നതു വരെ താത്കാലികാടിസ്ഥാനത്തിൽ പ്രദേശവാസിയായ ശ്രീ. വി.എസ്. ദിലീപ് കുമാറിനെ നിയമിക്കുന്നതിനും, ടിയാൾക്ക് പ്രതിദിനം 400/- രൂപ നിരക്കിൽ വേതനം അനുവദിക്കുന്നതിനും 24.02.2021 തീരുമാനം 12(1), 07.05.2021 തീരുമാനം 12(1) പ്രകാരവും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ശ്രീ. ദിലീപ് കുമാറിന്റെ വേതനമിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് 1,16,450/- രൂപ ചെലവു ചെയ്തിട്ടുണ്ട്. പാർട്ട് ലൈബ്രേറിയൻ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു റിപ്പോർട്ട് ചെയ്തതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 2021 ഏപ്രിൽ മാസത്തിൽ ഒഴിവ് റിപ്പോർട്ട് ചെയ്ത് ശുപാർശ നൽകിയതല്ലാതെ, പ്രസ്തുത ശുപാർശയിന്മേൽ തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.36/17.11.2022) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി നൽകി. പാർട്ട് ടൈം തസ്തികയിലെ ഒഴിവ് ചട്ടപ്രകാരം നികത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-29 അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ ബഡ്സ് സ്കൂൾ പ്രവർത്തനം - 23640/-രൂപ തടസ്സപ്പെടുത്തുന്നു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29/07/2009-ലെ ജി.ഒ.(എം.എസ്)നമ്പർ 148/2009/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ച്കൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. ഇപ്രകാരം സ്ഥാപിക്കപ്പെടുന്ന ബഡ്സ് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിലേക്കായി മേൽ ഉത്തരവിന് അനുബന്ധമായി പ്രത്യേക മാർഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഓണറേറിയം അനുവദിക്കാൻ പാടില്ലയെന്നും നിഷ്ക്കർഷിക്കുന്നു. മാർഗ്ഗരേഖയിലെ പ്രധാന നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. ബഡ്സ് സ്ഥാപനത്തിന് 15 സെന്റിൽ കുറയാത്ത സ്വന്തം ഭൂമിയോ, പൊതുസ്ഥലമോ ലഭ്യമായിരിക്കണം

2. 25 കുട്ടികളെങ്കിലും ഇല്ലാതെ സ്കൂൾ ആരംഭിക്കുവാൻ പാടില്ല.

3. സ്കൂൾ കെട്ടിടത്തിന് കുറഞ്ഞത് 5 ക്ലാസ്സുറികൾ ഉണ്ടായിരിക്കണം.

4. കുട്ടികളെ കണ്ടെത്താൻ സ്റ്റേറ്റ് കമ്മീഷൻ ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റിസുമായി ബന്ധപ്പെട്ട് സ്പെഷ്യൽ സർവ്വെ നടത്തണം.

5. സ്കൂൾ ആരംഭിക്കുന്നതിന് മുമ്പ് ത്രിതല പഞ്ചായത്തുകൾക്ക് ബോധ്യപ്പെടും വിധം സർവ്വെ(കുടുംബസർവ്വെ) നടത്താവുന്നതാണ്.

6. ത്രിതല പഞ്ചായത്ത് കൂടിയാലോചന നടത്തി സംയോജന സാധ്യത ഉറപ്പുവരുത്തി മാത്രമേ ബഡ്സ് സ്കൂൾ ആരംഭിക്കാവൂ.

7. 1996-ലെ വികലാംഗ ജന നിയമം അനുസരിച്ച് ബഡ്സ് സ്കൂൾ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

2021-22 വർഷത്തിൽ, വി.ഇ.ഒ.നിർവഹണം നടത്തിയ S0036/2022- നമ്പർ ബഡ്സ് സ്കൂൾ തുടർപ്രവർത്തനങ്ങൾക്ക് എന്ന പദ്ധതി പ്രകാരം മാനസിക വൈകല്യമുള്ള കുട്ടികൾക്കും റിഹാബിലേഷന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക, ഓണറേറിയം നൽകൽ, ഉച്ചഭക്ഷണം നൽകൽ യാത്രാ സൌകര്യം, ഫർണിച്ചർ വാങ്ങൽ ,കെട്ടിട വാടക നൽകൽ, തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പദ്ധതി അംഗീകാരം വാങ്ങിയത്.

ബഡ്സ് സ്കൂളിൽ കെട്ടിടത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്ന് നിർവഹണോദ്യാഗസ്ഥ ഭരണസമിതിയെ അറിയിച്ചതിനെ തുടർന്ന് 22/5/2020-ൽ നടന്ന കമ്മിറ്റി ചർച്ച ചെയ്യുകയും 4(1)നമ്പർ തീരുമാനപ്രകാരം കെട്ടിടത്തിലെ അറ്റകുറ്റപ്പണി നടത്തുവാൻ ഉടമയ്ക്ക് കത്ത് നൽകുവാൻ നിർദ്ദേശിക്കുയും ചെയ്തു. പ്രതിമാസം 3000/-രൂപയ്ക്ക് വാടകയ്ക്ക് എടുത്ത 15/293 നമ്പർ കെട്ടിടത്തിൽ (59.12m2 വിസ്തീർണ്ണം) ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനായി 14/1/2020-ലെ 23(1)നമ്പർ തീരുമാനപ്രകാരം ഉദ്ഘാടനം നടത്തിയെങ്കിലും ഒരു ദിവസം പോലും ക്ലാസ്സ് നടത്തിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധനയിൽ നിന്നും വ്യക്തമായി.

അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താതെ 29-6-2020-ലെ A1-4263/20നമ്പർ കത്ത് പ്രകാരം സ്കൂൾ ആരംഭിക്കുവാൻ പഞ്ചായത്ത് നിർവഹണോദ്യോഗസ്ഥയക്ക് കത്ത് നൽകി. ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിനായി വാടകയ്ക്ക് എടുത്ത കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്ന് നിർവഹണോദ്യാഗസ്ഥ റിപ്പോർട്ട് ചെയ്തിട്ടും ബഡ്സ് സ്കൂൾ തുടങ്ങുവാൻ നിർദ്ദേശിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് 9/22നമ്പർ അന്വേഷണകുറിപ്പ് പ്രകാരം

1. ബഡ്സ് സ്കൂൾ തുടങ്ങുവാൻ അനുവദിച്ച തദ്ദേശ വകുപ്പിന്റെ 29/7/2019 തിയതിയിലെ സ.ഉ.(എം.എസ്) 148/2009 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ഉറപ്പ് വരുത്തിയശേഷമാണോ സ്കൂൾ തുടങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി അനുവദിച്ചതെന്നും,

2. ബഡ്സ് സ്കൂൾ തുടങ്ങുന്ന കെട്ടിടത്തിൽ അടിസ്ഥാന സൌകര്യങ്ങൾ ഉണ്ടെന്ന് ഉദ്യോഗസ്ഥ തലത്തിൽപരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാനും,

3. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡൻഡ് ഉൾപ്പട്ട ജില്ലാതല ബഡ്സ് സ്കൂൾ ഉപദേശക സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാനും,

4. സ്കൂൾ തുടങ്ങുന്നതിന് മുമ്പ് സ്പെഷ്യൽ സർവ്വെ, സാധ്യതാ പഠനം എന്നിവ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാനും,

5. ബഡ്സ് സ്കൂൾ പ്രവർത്തനത്തിനായി കെട്ടിടം വാടയ്ക്ക് എടുക്കാനും, സ്കൂൾ ആരംഭിക്കുന്നതിനായി നിർവ്വഹണോദ്യാഗസ്ഥന് നിർദ്ദേശം നൽകിക്കൊണ്ട് എടുത്ത ഭരണസമിതിയുടെ തീരുമാനങ്ങളുടെ കോപ്പികൾ ലഭ്യമാക്കാനും ആവശ്യപ്പെട്ടുവെങ്കിലും കൃത്യമായ മറുപടി ലഭ്യമാക്കിയില്ല. എന്നാൽ ബ്ഡസ് സ്കൂളിന് അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും, അടിസ്ഥാന സൗകര്യങ്ങൾ പൂർണമായും ഉറപ്പുവരുത്തിയിട്ടില്ലായെന്നും അറിയിച്ചു. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയും നിയമാനുസൃത അംഗീകാരം ലഭ്യമാക്കാതെയും, നിശ്ചിത എണ്ണം വിദ്യാർത്ഥികളുടെ പ്രവേശനം ഉറപ്പാക്കാതെയുമാണ് പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സമൂഹത്തിൽ പ്രത്യേക പരിഗണന ലഭിക്കേണ്ട വിദ്യാർത്ഥികളെ കണ്ടെത്താൻ പ്രത്യേക സർവ്വെ നടത്തി മിനിമം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാതെയും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടം വാടകയ്ക്ക് എടുത്തും, വാഹനസൗകര്യം ഉറപ്പുവരുത്താതെയും ബഡ്സ് സ്കൂൾ പ്രവർത്തങ്ങൾക്ക് എന്ന പേരിൽ തുക ചെലവഴിച്ചു വരുന്നത് ക്രമമല്ല. ബഡ്സ് സ്കൂൾ അംഗീകരാത്തിന് ആവശ്യമായ വിദ്യാർത്ഥികൾ ലഭ്യമല്ലായെങ്കിൽ പഞ്ചായത്തിലെ നിലവിലെ പഠിതാക്കളായവരെ സമീപ പഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ അഡ്മിഷൻ നേടികൊടുത്ത്, പ്രസ്തുത വിദ്യാർത്ഥികൾക്ക് ആവശ്യമായ വാഹന സൗകര്യം ലഭ്യമാക്കിയും, മറ്റ് ആവശ്യങ്ങൾ നിറവേറ്റി നൽകാവുന്ന രീതിയിൽ പഞ്ചായത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. അല്ലാത്തപക്ഷം ആവശ്യമായ വിദ്യാർത്ഥികളെ കണ്ടെത്തിയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും അംഗീകാരം ലഭ്യമാക്കിയശേഷം മാത്രം തുക ചെലവഴിക്കാൻ ഭരണസമിതി അനുവാദം നൽകുന്നത് ഉചിതമായിരിക്കും.

പദ്ധതിപ്രകാരം വാങ്ങിയ പഠനോപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല- 23640/- തടസ്സപ്പെടുത്തുന്നു.

| അടങ്കൽ തുക | ഫണ്ട് ഇനം | ചെലവ് തുക |
|---|---|---|
| 150510 | വികസന ഫണ്ട് | 150510 |

| | | |
|---|---|---|
| 1232000 | സംസ്ഥാനാവിഷ്കൃതഫണ്ട് | 23640 |
| 449490 | തനത് ഫണ്ട് | 413490 |
| ആകെ-1832000/- | | ആകെ- 587640/- |
| നിർവണോദ്യോഗസ്ഥ | വില്ലേജ് എസ്റ്റൻഷൻ ആഫീസർ | |

S0036/2022-നമ്പർ ബഡ്സ് സ്കൂൾ തുടർപ്രവർത്തനങ്ങൾക്ക് എന്ന പദ്ധതിപ്രകാരം വിവിധ ഫണ്ടുകളിൽനിന്നും ആകെ 587640/-രൂപ ശമ്പളം, വാടക, സ്റ്റേഷനറി ആവശ്യങ്ങൾക്കായി ചെലവഴിച്ചു. സംസ്ഥാനാവിഷ്കൃതഫണ്ടിൽ നിന്നും 23640/-രൂപ ചെലവഴിച്ച് വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി പഠനോപകരണങ്ങൾ ചുവടെ വിവരിക്കുന്ന ബില്ലുകൾപ്രകാരം വാങ്ങി.

| ബിൽ നം.,തിയതി | തുക |
|---|---|
| 401323, 31-12-21 | 17025/- |
| 401324, 5-1-22 | 3980/- |
| 401324, 5-1-22 | 2635/- |
| ആകെ | 23640/- |

പ്രസ്തുത വർഷത്തിൽ ഓൺലൈൻ ക്ലാസ്സ് നൽകിയതിനാൽ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് നൽകുന്നതായി വാങ്ങിയ പഠനോപകരണങ്ങൾ വിതരണം ചെയ്യാതെ പഞ്ചായത്തിൽതന്നെ സൂക്ഷിച്ചിരിക്കുന്നതായി നിർവഹണോദ്യോഗസ്ഥ അറിയിച്ചു. വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി വാങ്ങിയ പഠനോപകരണങ്ങൾ ഓഡിറ്റ് കാലയളവിൽ വിതരണം ചെയ്യാതെ പഞ്ചായത്തിൽതന്നെ സൂക്ഷിച്ചിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി വാങ്ങിയ പഠനോപകരണങ്ങളുടെ തുകയായ 23640/-തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി 2 മാസത്തിനകം പഠനോപകരണങ്ങൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് രേഖകൾ ഹാജരാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിർവഹണോദ്യോഗസ്ഥയുടെ ബാധ്യതയായി മാറുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 327125 | 327125 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 200000 | 200000 |
| | വീട് നിർമ്മാണം (എസ്.സി)ലൈഫ് അഡീഷണൽ ലിസ്റ്റ് | 2280000 | 580000 |
| | വീട് നിർമ്മാണം (ഫിഷറീസ്) | 1900000 | 400000 |
| ആകെ | | | 15,07,125/- |
| ബ്ലോക്ക് പഞ്ചായത്ത് | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 327125 | 327125 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 500000 | 253985 |
| | വീട് നിർമ്മാണം (എസ്.സി)ലൈഫ് അഡീഷണൽ ലിസ്റ്റ് | 2280000 | 780000 |
| | വീട് നിർമ്മാണം (ഫിഷറീസ്)ലൈഫ് അഡീഷണൽ ലിസ്റ്റ് | 1900000 | 400000 |
| | ന്യൂ ലൈഫ് ലക്ഷം വീട് കോളനി മെയിന്റനൻസ് ജനറൽ | 40000 | 40000 |
| ആകെ | | | 18,01,110/- |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3,48,300/- | 15,61,110/- | 19,09,110/- | 18,01,110/ | 1,08,300/- |
| ജില്ലാ പഞ്ചായത്ത് | 1,43,384/- | 15,07,125/- | 16,50,509/- | 15,07,125/- | *3,21,759 |

*ജില്ലാപഞ്ചായത്ത് വിഹിതം ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ ലൈൻ നീട്ടൽ (SO) 98/22 | 93358 | 93358 | 0 | 2022-23 ലാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് |

എ.എഫ്.എസ് പ്രകാരം

| നിർവ്വഹണ ഏജൻസി | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 696723 | 93358** | 790081 | 93358 *** | 696723 |
| കെ.ഡബ്ല്യൂ.എ | 5,66,000 | 0 | 566000 | 0 | 5,66,000 |

** നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം എ.എഫ്.എസ് ൽ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

*** വിനിയോഗ സാക്ഷ്യപത്രം 2022-23 സാമ്പത്തിക വർഷമാണ് ലഭ്യമായിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| കെ.യു,ആർ.ഡി.എഫ്.സി | - | 1100000 | 1,75,85,334 | **19,65,334 | 0 | 1,67,20,000 |

** തൻവർഷം തിരിച്ചടച്ച തുക സുലേഖ പത്രിക പ്രകാരം 2772001 ആണ്.

1. വാർഷിക ധനകാര്യപത്രികയിൽ ലോൺ തിരിച്ചടവ്, അടയ്ക്കാനവശേഷിക്കുന്ന തുക എന്നിവ തെറ്റായ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലോൺ രജിസ്റ്റർ, ലോൺ അക്കൗണ്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.

2.വാർഷിക ധനകാര്യ പത്രികയിൽ ഇ.എം.എസ് ലോൺ 211515/- രൂപ അടയ്ക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നില്ല. ഇ.എം.എസ് ലോൺ ക്ലോസ് ചെയ്തിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമായില്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,69,82,389 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,91,21,391 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,49,91,922 |
| നീക്കിയിരിപ്പ് | 2,11,11,858 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,48,076 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 24,571 | ശ്രീമതി. ഷീബ സ്റ്റീഫൻ,സെക്രട്ടറി |
| 1-22 | 75,290 | ശ്രീമതി. ഷീബ സ്റ്റീഫൻ,സെക്രട്ടറി |
| 1-23 | 24,575 | ശ്രീമതി. ഷീബ സ്റ്റീഫൻ,സെക്രട്ടറി |
| 1-29 | 23,640 | ശ്രീമതി . ചിഞ്ചു.എസ് എസ്, വി.ഇ.ഒ |
| ആകെ | 1,48,076 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷീബ സ്റ്റീഫൻ, സെക്രട്ടറി | സെക്രട്ടറി,പൂവാർ ഗ്രാമപഞ്ചായത്ത് | ഉഷസ്, പരണിയം, പൂവാർ |
| ശ്രീമതി.ചിഞ്ചു, വി.ഇ.ഒ | വി.ഇ.ഒ | പത്മഭവനം, പട്ടറക്കൽ, കുളത്തൂർ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 1 | 3-3 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 2 | 3-2, 3-5 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 3 | 2-2, 3-5(2), 3-5(5) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 5 | 2-2,3-2,3-6, 3-8,3-10 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 8 | 2-1,2-2,2-3-1, 3-1,3-3,3-4, 3-5,3-6 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 7 | 2-3,2-4,3-2,3-3 ,3-5,3-7,3-8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 14 | 2-5,2-6,2-7,3-1, 3-2,3-3,3-4,3-5, 3-7,3-10,3-11, 3-13,3-19,3-20 |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 15 | 2-5,2-6,2-7, 2-10,2-11,2-12, 2-13,2-14,3-2, 3-3,3-4,3-10, 3-12,3-13,3-14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 11 | 2-1,2-2,2-3, 2-4,2-5,3-3,3-5, 3-6,3-8,3-9, 3-10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 12 | 2-1,2-2,2-3, 2-4(എ),3,4, 2-4(ബി),2-5, 2-6,2-7,2-8, 3-1ബി,3-4,3-5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി1 /110/19 തീയതി:12.07.2019 | 7 | 1-10, 2-2, 2-3 ,2-6, 3-3, 3-4, 3-6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി1 /1110/2020 തീയതി:4.5.2021 | 16 | 1-11, 1-13, 1-14, 1-17, 1-18, 1-19, 1-20, 1-21, 1-22 , 1-23, 1-24, 1-25, 1-26, 1-27 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി1 /718/2020 തീയതി:22.9.2022 | 29 | 1-1-2, 1-1-3, 1-2, 1-4, 1-10, 1-11, 1-12, 1-13,1-14,1-15, 1-16, 1-17,1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-27-1, 1-27-2, 1-28, 1-32, 1-33, 1-34, 1-35, 3-1, 3-2 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി1 /951/2022 തീയതി:29.6.2022 | 33 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്